# ഇന്ത്യയിൽ ഏഴുലക്ഷം പേർക്ക് ഹൃദയധമനി വീക്കം

ചെന്നൈ: മഹാധമനിവീക്കം നേരിടുന്ന ഏഴുലക്ഷത്തോളം രോഗികൾ ഇന്ത്യയിലുണ്ടെന്ന് പ്രമുഖ ഹൃദ്രോഗചികിത്സാ വിദഗ്ധനും ചെന്നൈയിലെ മിയോട്ട് ആസ്പത്രിയിലെ കാർഡിയോതൊറാസിക് സർജറിവിഭാഗം ഡയറക്ടറുമായ ഡോ. വി.വി. ബാഷി പറഞ്ഞു. "രോഗികളുടെ എണ്ണം ആറു ലക്ഷത്തിനും ഏഴുലക്ഷത്തിനും ഇടയിൽ വരുമെങ്കിലും ആയിരം ശസ്ത്രക്രിയകളോളം മാത്രമേ നമുക്ക് നടത്താനാവുന്നുള്ളൂ." ചെന്നൈയിൽ മിയോട്ട് ആസ്പത്രിയിൽ ജനവരി 9നും 10നുമായി നടക്കുന്ന അന്താരാഷ്ട്ര മഹാധമനിവീക്ക ഉച്ചകോടിയുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ച നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഡോ. ബാഷി.



ചെന്നൈയിലെ മിയോട്ട് ആസ്പത്രിയിൽ വെള്ളിയാഴ്ച നടന്ന ചടങ്ങിൽ ഹൃദയധമനിവീക്ക ഉച്ചകോടിക്കെത്തിയ വിദേശ പ്രതിനിധികളെ ആദരിക്കുന്നു. ആസ്പത്രി ചെയർമാൻ മല്ലിക മോഹൻദാസ്, ഡോ. ബാഷി, പ്രൊഫ. റോബർട്ടോ ബർതലോമിയോ, ഡോ. മോഹൻദാസ് എന്നിവരെ കാണാം.

മനുഷ്യശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും രക്തമെത്തിക്കുന്നത് മഹാധമനിയാണ്. ഈ രക്തക്കുഴലിൽ സാധാരണ വലിപ്പത്തേക്കാൾ ഒന്നരമടങ്ങെങ്കിലും വീക്കമുണ്ടാവുമ്പോഴാണ് അതിനെ ഹൃദയധമനിവീക്കം എന്ന് വിളിക്കുന്നത്.

എല്ലാ നെഞ്ചുവേദനയും ഹൃദയധമനി വീക്കത്തിന്റെ ലക്ഷണമാവണമെന്നില്ലെന്ന് ഇറ്റലിയിലെ ബൊളോന്യ സർവകലാശാല ഹൃദ്രോഗ ചികിത്സാവിഭാഗം മേധാവി ഡോ. റോബർട്ടോ ബർതലോമിയോ പറഞ്ഞു.

വിദഗ്ധരുടെയും യന്ത്ര സംവിധാനങ്ങളുടെയും അഭാവം മൂലമാണ് സർക്കാർ ആസ്പത്രികളിൽ ഇതിനുള്ള ശസ്ത്രക്രിയ നടത്താൻ കഴിയാതെ പോവുന്നതെന്ന് ഡോ. ബാഷി ചൂണ്ടിക്കാട്ടി. സാധാരണഗതിയിൽ ശസ്ത്രക്രിയ നടത്താൻ രണ്ടുലക്ഷം രൂപയാണ് ചെലവുവരിക. ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്നവർക്ക് മൂന്നു ദിവസത്തിനു ശേഷം വീടുകളിലേക്ക് മടങ്ങിപ്പോകാനാവും.

ഉച്ചകോടിക്കിടെ ഹൃദയത്തിന്റെ ഇടതുഭാഗത്തെ ധമനിവീക്കത്തിനുള്ള ശസ്ത്രക്രിയ നടത്തുമെന്നും ഡോക്ടർ ബാഷി പറഞ്ഞു. രക്തം നേർപ്പിക്കുന്നതിനുള്ള മരുന്ന് രോഗിക്ക് നൽകാതെയാണ് ഈ ശസ്ത്രക്രിയ നടത്തുന്നത്. ഇന്ത്യയിലാദ്യമായാണ് ഇത്തരമൊരു ശസ്ത്രക്രിയയെന്നും ഡോക്ടർ ബാഷി ചൂണ്ടിക്കാട്ടി.

ദ്വിദിന ഹൃദയധമനി ഉച്ചകോടിയിൽ ബെൽജിയം, ന്യൂസീലൻഡ്, ചൈന, ബ്രസീൽ, അമേരിക്ക എന്നിവിടങ്ങളിൽനിന്ന് 15 സീനിയർ ഫാക്കൽട്ടി അംഗങ്ങളും ഇന്ത്യയിൽനിന്ന് 250 സീനിയർ ഡോക്ടർമാരും പങ്കെടുക്കുന്നുണ്ട്.